പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4142* *24.10.2016 ലെ മറുപടിക്ക്*

**<u>പ്രവാസി കേരളകമ്മീഷൻ</u>**

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>ശ്രീ. ടി. എ. അഹമ്മദ് കബീർ<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) | പ്രവാസി കേരള കമ്മീഷന്റെ ഉദ്ദേശ്യങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) പ്രവാസി ഭാരതീയരായ കേരളീയർക്കുവേണ്ടി, സംസ്ഥാനത്തിനുള്ളിൽ അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, അവരുടെ കേരളത്തിലുള്ള എല്ലാത്തരം നിക്ഷേപങ്ങളും സംരക്ഷിക്കുവാൻ സഹായിക്കുക, കുടുംബത്തിനും, ജീവനും, സ്വത്തിനും സംരക്ഷണം നൽകുക പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതിയുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും, ആയതിന്മേൽ എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശുപാർശ ചെയ്യുക, ഭാരത ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തേയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകളും പോരായ്മകളും അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി എടുക്കേണ്ട പരിഹാര നിയമനിർമ്മാണ നടപടികളേയുംകുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക, റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവൃത്തികളെകുറിച്ച് അന്വേഷിക്കുകയും പ്രവാസി ഭാരതീയരായ കേരളീയരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്നത് ഉറപ്പു. |

വരുത്തുകയും ചെയ്യുക, കേരളത്തിൽ സ്ഥിര താമസമായിരുന്ന 1955 – ലെ പൗരത്വ ആക്റ്റിലെ (1955 – ലെ 57-ാം ആക്റ്റ്) 7 എ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇന്ത്യൻ കാർഡ് കൈവശമുള്ള ഓവർസീസ് പൗരന്റേയും കുടുംബാംഗങ്ങളുടെയും താല്പര്യങ്ങളും സ്വത്തുക്കളും നിക്ഷേപങ്ങളും സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുകയും കേരളത്തിലുള്ള അവരുടെ കുടുംബാംഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് സാമൂഹ്യസേവന സംഘടനകളെ സൗകര്യപ്പെടുത്തുകയും ചെയ്യുക, പ്രവാസി ഭാരതീയ കേരളീയരുടെ പ്രശ്നങ്ങളിൽ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക. റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുക എന്നിവയാണ് ഉദ്ദേശ്യങ്ങൾ.

| | | | |
|---|---|---|---|
| (ബി) | കമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | (ബി) യും (സി) യും | ജസ്റ്റീസ് പി.\ ഭവദാസൻ ചെയർമാനായും ഡോ.ഷംഷീർ വയലിൽ, ശ്രീ. സോമൻ ബേബി, ശ്രീ. പി. എം. എ. സലാം, ശ്രീ. കെ. ഭഗവത് സിംഗ് എന്നിവർ അംഗങ്ങളായും കമ്മീഷൻ രൂപീകരിച്ച് 2016 ഏപ്രിൽ 26-ാം തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ ഇവരിൽ രണ്ടുപേർ കമ്മീഷൻ നിശ്ചയിച്ച പ്രായപരിധി കഴിഞ്ഞതിനാൽ അവർക്ക് കമ്മീഷൻ അംഗങ്ങളായി തുടരാൻ നിർവ്വാഹമില്ല. എങ്കിലും ജസ്റ്റിസ് പി. ഭവദാസന്റെ അദ്ധ്യക്ഷതയിൽ കമ്മീഷൻ 30.04.2016 ൽ പ്രാഥമിക യോഗം ചേർന്ന് ഓഫീസ് സംവിധാനം, സ്റ്റാഫിന്റെ എണ്ണം, കമ്മീഷൻ അംഗങ്ങളുടെ സ്റ്റാറ്റസ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. കമ്മീഷന്റെ |
| (സി) | കമ്മീഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ? | | |

പ്രവർത്തനത്തിനായി അടിസ്ഥാന സൗകര്യം ഒരുക്കന്നതിനായി നോർക്ക വകുപ്പ് അഡീഷണൽ സെക്രട്ടറിയ്ക്ക് കമ്മീഷൻ സെക്രട്ടറിയുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.